**പതിനാലാം കേരള നിയമസഭ**
**പത്തൊൻപതാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ : *18**

**02.03.2020 ൽ മറുപടിക്ക്**

## ആയുധശേഖരത്തിന്റെയും വെടിക്കോപ്പുകളുടെയും പരിശോധന

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. റ്റി.വി രാജേഷ്<br>ശ്രീ. പി.കെ.ശശി<br>ശ്രീ. വി. കെ. സി. മമ്മത് കോയ<br>ശ്രീ. എം. രാജഗോപാലൻ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| എ) 2011 ഫെബ്രുവരിയിൽ തിരുവനന്തപുരം എ.ആർ. ക്യാമ്പിനു കൊടുത്ത് രസീത് വാങ്ങിയെന്ന് ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിക്കുന്ന 25 റൈഫിളുകളുമായി ബന്ധപ്പെട്ട് ചില നേതാക്കൾ ഉയർത്തിയ ദുരാരോപണങ്ങൾ സംബന്ധിച്ച് ക്രൈംബ്രാഞ്ച് നടത്തിയ പരിശോധനയെക്കുറിച്ച് അറിയിക്കാമോ; | എ) ഇത് സംബന്ധിച്ച് ക്രൈം നം. 399/CB/Tvpm/R/2019 പ്രകാരം ക്രൈംബ്രാഞ്ചിലെ പ്രത്യേക സംഘം അന്വേഷണം നടത്തി വരുന്നു.<br>17.02.2020 ൽ അന്വേഷണ സംഘം എസ്.എ.പി ക്യാമ്പിൽ നടത്തിയ പരിശോധനയിൽ 2005 മുതൽ 2016 വരെ ചീഫ് സ്റ്റോറിൽ നിന്നും എസ്.എ.പി ക്ക് നൽകിയിട്ടുള്ള 660 എണ്ണം 5.5 mm INSAS റൈഫിളുകളിൽ 647 എണ്ണം ക്യാമ്പിലും 13 എണ്ണം ഐ.ആർ ബറ്റാലിയൻ ട്രെയിനികളുടെ പരിശീലനത്തിനായി മണിപ്പൂരിലേക്ക് കൊണ്ടു പോയിട്ടുള്ളതായും കണ്ടെത്തി. അവയും വീഡിയോ കോൺഫറൻസ് മുഖേന പരിശോധിച്ച് റൈഫിളുകളൊന്നും തന്നെ നഷ്ടപ്പെട്ടിട്ടില്ല എന്ന് ഉറപ്പിച്ചിട്ടുള്ളതുമാണ്. അതിനാൽ റൈഫിളുകൾ നഷ്ടപ്പെട്ടിട്ടുണ്ടെന്ന നിരീക്ഷണത്തിന് അടിസ്ഥാനമില്ല. |
| ബി) ആയുധ ശേഖരത്തിന്റെയും വെടിക്കോപ്പുകളുടെയും കണക്കുകളുടെ കൃത്യത ഉറപ്പു വരുത്താൻ നിർദ്ദേശം നൽകിയിട്ടുണ്ടോ; | ബി) ഉണ്ട്. കൃത്യമായ ഇടവേളയിൽ ആയുധങ്ങളുടെയും വെടിക്കോപ്പുകളുടെയും എണ്ണം കൃത്യമായി തിട്ടപ്പെടുത്തി സൂക്ഷിക്കണമെന്നും ആയുധങ്ങളുടെയും വെടിക്കോപ്പുകളുടെയും കൃത്യമായ സുരക്ഷയും പരിചരണവും ഉണ്ടാകണമെന്നും, അലക്ഷ്യമായി കൈകാര്യം |

ചെയ്യരുതെന്നും ബന്ധപ്പെട്ട പോലീസ് ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

| | | |
|---|---|---|
| സി) | സംസ്ഥാനത്തെ പോലീസ് സേനയെ ശക്തിപ്പെടുത്തുന്നതിനായി സ്വീകരിച്ച് വരുന്ന നവീകരണ പ്രവർത്തനങ്ങൾ വിശദമാക്കാമോ? | സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാന പോലീസ് സേനയെ ശക്തിപ്പെടുത്തുന്നതിനായി നിരവധി നവീകരണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.<br>1. കേന്ദ്രാവിഷ്കൃത പദ്ധതിയായ ക്രൈം & ക്രിമിനൽ ട്രാക്കിങ് നെറ്റ് വർക്കിങ് സിസ്റ്റം (CCTNS) സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു.<br>2.നിലവിലെ അനലോഗ് ടെലി കമ്മ്യൂണിക്കേഷൻ ഉപകരണങ്ങൾക്കു പകരം അത്യാധുനിക രീതിയിലുള്ള Digital Communication System തൃശ്ശൂർ, പാലക്കാട് ജില്ലകളിൽ നടപ്പിലാക്കാനുള്ള നടപടി സ്വീകരിച്ച് വരുന്നു.<br>3. ഫിംഗർ പ്രിന്റ് ബ്യൂറോ ഡിജിറ്റൈസ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.<br>4. Cyber Crime Prevention Against Women and Children (CCPWC) Project സംസ്ഥാനത്ത് കാര്യക്ഷമമായി നടപ്പിലാക്കി വരുന്നു.<br>5. ശാസ്ത്രീയ കുറ്റാന്വേഷണം കൂടുതൽ ഫലവത്താക്കുന്നതിന് ഫോറൻസിക് സയൻസ് ലാബുകളിൽ ആധുനിക ഉപകരണങ്ങൾ സ്ഥാപിച്ച് വരുന്നു.<br>6. കൊച്ചി സിറ്റി പോലീസ് കോംപ്ലക്സ് നിർമ്മിക്കുവാനായി 2020-21 ബഡ്ജറ്റിൽ തുക വകയിരുത്തുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു.<br>7. സ്ത്രീ സുരക്ഷ മുൻ നിർത്തി എല്ലാ ജില്ലകളിലും പിങ്ക് കൺട്രോൾ റൂമും പിങ്ക് പട്രോൾ പ്രവർത്തനവും ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ